# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 326

22.08.2017 — ൽ മറുപടിക്ക്

## റേഷൻ വിതരണം അഴിമതി രഹിതമാക്കാനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>,, ആന്റണി ജോൺ<br>,, സി .കെ .ശശീന്ദ്രൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) റേഷൻ വിതരണം അഴിമതി രഹിതമാക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; റേഷൻ കടക്കാർക്ക് കമ്മീഷന് പകരം വേതനം നൽകാനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡം അറിയിക്കാമോ; | (എ) പരിശോധനാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ 1955 ലെ അവശ്യ സാധന നിയമം, 1966 ലെ കെ.ആർ.ഒ. എന്നിവ പ്രകാരം സ്വീകരിച്ച വരികയും ചെയ്യുന്നുണ്ട്. പൊതുവിതരണ കേന്ദ്രങ്ങളിലെ ക്രമക്കേടുകൾക്കെതിരെ 1966 ലെ കെ.ആർ.ഒ. യിലെ നിർദ്ദിഷ്ട വകുപ്പ് പ്രകാരം നടപടി എടുക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 07.01.2017 ലെ 1/17-നം. സർക്കുലർ പ്രകാരം റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്സവ കാലത്ത് സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ച വരുന്നു. റേഷൻ കടക്കാർക്ക് കമ്മീഷന് പകരം വേതനം നൽകുന്നത് സംബന്ധിച്ച പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) സബ്സിഡി പഞ്ചസാരയും മണ്ണെണ്ണയും അനുവദിക്കുന്നത് നിർത്തലാക്കിയ രീതിയിൽ, റേഷൻ അരിയുടെ സബ്സിഡിയും നിർത്തലാക്കാൻ കേന്ദ്രം ആലോചിക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; | (ബി) ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന് മുമ്പ് എ.എ.വൈ./ബി.പി.എൽ. വിഭാഗങ്ങൾക്ക് ലഭ്യമായിരുന്ന പഞ്ചസാര സബ്സിഡി എ.എ.വൈ. വിഭാഗത്തിന് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് 12.05.2017 ലെ അർദ്ധ ഔദ്യോഗിക കത്ത് നം. 2(1)/2017-എസ്.പി.-1 നമ്പരിലുള്ള കേന്ദ്ര സർക്കാരിന്റെ അറിയിപ്പ് ലഭ്യമായിട്ടുണ്ട്. 1 കി.ഗ്രാം പഞ്ചസാരയ്ക്ക് 18.50 |

രൂപയാണ് കേന്ദ്ര സർക്കാർ സബ്സിഡി ഇനത്തിൽ ചെലവഴിക്കുന്നത്. എന്നാൽ അലോട്ട്മെന്റ് ഇതു വരെ ലഭ്യമായിട്ടില്ല.

മണ്ണെണ്ണയുടെ വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ നിർത്തലാക്കിയിട്ടില്ല.

1/16 മുതൽ 3/16 വരെ പ്രതിമാസം 29436 കി.ലി
4/16 മുതൽ 6/16 വരെ പ്രതിമാസം 27960 കി.ലി
7/16 മുതൽ 9/16 വരെ പ്രതിമാസം 26568 കി.ലി
10/16 മുതൽ 12/16 വരെ പ്രതിമാസം 16908 കി.ലി
1/17 മുതൽ 3/17 വരെ പ്രതിമാസം 16908 കി.ലി
4/17 മുതൽ 6/17 വരെ പ്രതിമാസം 15456 കി.ലി
7/17 മുതൽ 9/17 വരെ പ്രതിമാസം 15456 കി.ലി

റേഷനരിയുടെ സബ്സിഡി നിർത്തലാക്കുന്നത് സംബന്ധിച്ച് ഇതുവരെ അറിയിപ്പൊന്നും ലഭ്യമായിട്ടില്ല.

(സി) മുൻഗണനാ കാർഡുകാർക്ക് ഭക്ഷ്യധാന്യം നൽകേണ്ട വില സംബന്ധിച്ച് 2013-ലെ ഭക്ഷ്യ ഭദ്രതാ നിയമം വകുപ്പ് 3(1) -ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്താണെന്ന് അറിയിക്കാമോ?

(സി) ഭക്ഷ്യ ഭദ്രതാ നിയമം, 2013 ലെ വകുപ്പ് 3(1) പ്രകാരം നിയമത്തിന്റെ പ്രാബല്യ തീയതി മുതൽ 3 വർഷത്തേയ്ക്ക് അരിയ്ക്ക് കി.ഗ്രാമിന് 3/- രൂപയിലും, ഗോതമ്പിന് കി.ഗ്രാമിന് 2/- രൂപയിലും അരി, ഗോതമ്പ് എന്നിവ ഒഴികെയുള്ള ഭക്ഷ്യ ധാന്യങ്ങൾ കി.ഗ്രാമിന് 1/- രൂപയിലും കൂടാതെയുള്ള വിലയിൽ മുൻഗണനാ വിഭാഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിയമപ്രകാരം 3 വർഷങ്ങൾക്ക് ശേഷം അരിയുടെയും ഗോതമ്പിന്റെയും വില പുതുക്കി നിശ്ചയിക്കാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ട്.

സെക്ഷൻ ഓഫീസർ